# മുസ്‌ലിംലീഗിൽ നേതാവാകാം!

**മുസ്‌ലിംലീഗ്** നേതാവ് എം.കെ മുനീർ ഇസ്‌ലാമിക പ്രസ്ഥാനത്തെ കടന്നാക്രമിക്കുന്ന ലേഖനങ്ങൾ നിരന്തരം പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം ലേഖനങ്ങൾ വായിക്കുമ്പോൾ മുനീറിന്റെ സ്വയം നിയന്ത്രണം നഷ്ടപ്പെട്ടതായാണ് അനുവാചകർക്ക് അനുഭവപ്പെടുന്നത്. എന്നാൽ എം.കെ മുനീർ യൂത്ത് ലീഗ് പ്രസിഡന്റായിരുന്ന കാലത്ത് പക്വമതിയായ ഒരു രാഷ്ട്രീയക്കാരന്റെ സ്വഭാവം പ്രകടിപ്പിച്ചിരുന്നു. ആദരണീയനായ സി.എച്ച് മുഹമ്മദ് കോയയുടെ പക്വമതിയായ പുത്രനെന്ന ഖ്യാതിയും അക്കാലത്തുണ്ടായിരുന്നു. യൂത്ത് ലീഗിൽ തിളങ്ങിനിന്ന കാലത്ത് ഇസ്‌ലാമിക പ്രസ്ഥാനത്തെ വിമർശിച്ചിരുന്നില്ല എന്നു മാത്രമല്ല, പല വേദികളിലും പ്രസ്ഥാനത്തെ പുകഴ്ത്തിപ്പറയുകയും ചെയ്തിട്ടുണ്ട്.

മുസ്‌ലിം സമൂഹത്തെ രാഷ്ട്രീയമായി മുസ്‌ലിംലീഗും ബൗദ്ധികമായി ജമാഅത്തെ ഇസ്‌ലാമിയുമാണ് നയിച്ചുകൊണ്ടിരിക്കുന്നത് എന്ന് ഗൾഫിലെ ഒരു ചടങ്ങിൽ അദ്ദേഹം പ്രസ്താവിച്ചത് ഓർക്കുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തോടുള്ള ഈ മൃദു സമീപനം കൊണ്ടാകാം, മുനീറിനെ സ്വന്തം പാർട്ടിയിലെ മുതിർന്ന നേതാക്കൾ പാർശ്വവത്കരിച്ച കാലമുണ്ടായിരുന്നു. തുടർന്നാണ് അദ്ദേഹം ഇസ്‌ലാമിക പ്രസ്ഥാനത്തിനെതിരെ കടുത്ത നിലപാട് സ്വീകരിച്ചുതുടങ്ങിയത്. ഇപ്പോൾ അദ്ദേഹം പാർട്ടിയുടെ മുഖ്യധാരയിൽ അവരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ആരാണ് എം.കെ മുനീറിനെ ഇപ്പോൾ നിയന്ത്രിക്കുന്നത്; ലീഗിന് അകത്തും പുറത്തും? ഇസ്‌ലാമിക പ്രസ്ഥാനത്തോട് മൃദു സമീപനം സ്വീകരിക്കുന്നവർക്ക് ലീഗിൽ ഉയർന്നു വരാൻ കഴിയില്ല എന്നുതന്നെയല്ലേ ഇതു തെളിയിക്കുന്നത്. ഇപ്പോഴത്തെ യൂത്ത് ലീഗുകാരും പാർട്ടിയിലെ സ്ഥാനമാനങ്ങൾ അരക്കിട്ടുറപ്പിക്കുന്നതിനുവേണ്ടിതന്നെയാണ് ഇസ്‌ലാമിക പ്രസ്ഥാനത്തെ കടന്നാക്രമിച്ചുകൊണ്ട് ബുദ്ധിജീവി ചമയുന്നത്. മുസ്‌ലിം ലീഗിന് ഈ നിലപാടിൽനിന്നുകൊണ്ട് എങ്ങനെയാണ് മുസ്‌ലിം സംഘടനകളുടെ നേതൃസ്ഥാനം അലങ്കരിക്കാനാവുക? അതിനു സാധിക്കണമെങ്കിൽ എല്ലാവരാലും ആദരിക്കപ്പെടുന്ന ഒരു നേതൃത്വം ലീഗിൽ ഉയർന്നുവരേണ്ടിയിരിക്കുന്നു, പൂർവകാലത്തെപ്പോലെ.

**പി.എ.എം ശരീഫ് മാഞ്ഞാലി**

# ഇസ്‌ലാമിക ഫിഖ്ഹിന്റെ മഴവിൽ പ്രതിനിധാനങ്ങൾ

**പുതിയ** ലോക പരിസരങ്ങളിൽ ഇസ്‌ലാമിക പ്രതിനിധാനത്തിന്റെ രീതിശാസ്ത്രം പരിശോധിക്കുന്നു എന്നതാണ് സി. ദാവൂദിന്റെ പ്രഭാഷണത്തിന്റെ പ്രസക്തി (ലക്കം 5). നിരന്തരം രൂപമാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന പുതിയ ലോക ഘടനയിൽ ക്രിയാത്മകമായി ഇടപെടാൻ കഴിയുംവിധം എങ്ങനെ ഇസ്‌ലാമിക ഫിഖ്ഹിനെ മാറ്റിയെടുക്കാമെന്നതാണ് അന്വേഷണത്തിന്റെ കാമ്പ്.

കുറേ വരണ്ട ചർച്ചകളുടെ തലവാചകമായി ഫിഖ്ഹിനെ വലിയൊരു വിഭാഗം മുസ്‌ലിംകളും ഇന്നും മനസ്സിലാക്കുന്നു. അതിനപ്പുറം കാലത്തിന്റെ കണ്ണാടിയും ജീവിതത്തിന്റെ പച്ചപ്പുമായ നനവുള്ള ഒരു ഫിഖ്ഹിനെ കാണാനോ ഉൾകൊള്ളാനോ സാധിക്കുന്നില്ല. ഈ നനുത്ത ഫിഖ്ഹിന്റെ പരിസങ്ങളിൽ നിന്നാണ് ഇസ്‌ലാമിന്റെ മഴവിൽ വർണരാജി രൂപപ്പെടുന്നത്.

ഇസ്‌ലാമിക ഫിഖ്ഹിന്റെ സവിശേഷത, ഏതെങ്കിലും കാലത്തേക്കു മാത്രം പകർപ്പെടുക്കാൻ കഴിയുന്ന വിധം ഒരു കാലത്തും അത് ആത്യന്തികമായ ഒരു രൂപഘടന പ്രാപിച്ചിട്ടില്ല എന്നതാണ്. എന്നും വികാസക്ഷമത പ്രകടിപ്പിച്ച ഒന്നായിരുന്നു ഫിഖ്ഹ്. അനുകരണത്തിന്റെ (തഖ്‌ലീദ്) അടിമത്വത്തിലേക്ക് മുസ്‌ലിം സമൂഹം കൂപ്പുകുത്തുന്നതുവരെ അങ്ങനെ തന്നെ തുടരുകയും ചെയ്തു.

ഇസ്‌ലാമിക നിയമനിർധാരണത്തിന്റെ (കേവല നിയമ നിർധാരണമല്ല) അടിസ്ഥാനം ഖുർആനും പ്രവാചകചര്യയുമാണ്. അതിനപ്പുറം പ്രവാചകന്റെ കാലവും അതിന്റെ രൂപ ഘടനയുമായോ അന്നത്തെ സാമൂഹിക രീതികളുമായോ അതിന് യാതൊരു ബന്ധവുമില്ല. നമ്മുടെ കാലഘട്ടത്തിലെ ഫിഖ്ഹ് രൂപീകരിക്കുന്നതിൽ ആ കാല/സാമൂഹിക ഘടനകൾ അടിസ്ഥാനമാകാവതുമല്ല.

വ്യവസ്ഥയുടെയും (ദീൻ) മനുഷ്യ ജീവന്റെയും (നഫ്സ്) ബുദ്ധിയുടെയും (അഖ്‌ൽ) ധനത്തിന്റെയും (മാൽ) വംശത്തിന്റെയും (നസ്‌ൽ) സംരക്ഷണമാണ് ഇസ്‌ലാമിക ശരീഅത്തിന്റെ ലക്ഷ്യം. ഇത് കേവലം മുസ്‌ലിം സമൂഹത്തിന്റെ സംരക്ഷണമല്ല. മറിച്ച് മാനവ കുലം മുഴുവൻ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ആ സംരക്ഷണത്തിനുള്ള പാതയിൽ ഇസ്‌ലാം എല്ലാ ബഹുസ്വരതയോടും സുന്ദരമായി കൈകോർക്കുകയും ചെയ്യും. ഈ ഘടനകളുടെ മേൽ കൈവെക്കുകയും അതിനെ തകർക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഏത് ശക്തിയോടും ഇസ്‌ലാം സംവദിക്കുന്നതിലുപരി സംഘർഷത്തിലേർപ്പെടുകയാണ് ചെയ്യുന്നത് (ഈ സംഘർഷത്തെയാണ് 'ജിഹാദ്' എന്ന് വിളിക്കുന്നത്). ദീനും നഫ്സും അഖ്‌ലും മാലും നസ്‌ലും പൂർണമായി സംരക്ഷിതമാകുമ്പോൾ മാത്രമാണ് ഇസ്‌ലാമിന് ഈ സംഘർഷം അവസാനിപ്പിക്കാൻ സാധിക്കുക. നിലവിലെ ലോകത്ത് ഇവയെല്ലാം പൂർണമായും സംരക്ഷിക്കപ്പെടുന്നു എന്ന ദിവാസ്വപ്നത്തിൽ മുഴുകി പ്രായോഗിക സംഘർഷങ്ങളെ ബൗദ്ധിക സംവാദങ്ങൾക്ക് വിട്ടുകൊടുക്കാൻ മാത്രം വിഡ്ഢികളാണ് മുസ്‌ലിം പണ്ഡിത ലോകം എന്ന് വിശ്വസിക്കുക പ്രയാസകരമാണ്.

**കെ.ടി ഹാഫിസ്, അൽ ജാമിഅ അൽ ഇസ്‌ലാമിയ**
email: kthafis@gmail.com

# ചുരുക്കെഴുത്ത്

*പ്രബോധന*ത്തിൽ വായനക്കാരുടെ എതിരഭിപ്രായങ്ങൾക്ക് തീരെ സ്ഥലം കൊടുക്കുന്നില്ല. രണ്ട് കാരണങ്ങൾ കൊണ്ട് ഇത് സംഭവിക്കാം. ഒന്ന്, എതിരഭിപ്രായങ്ങൾ വളരെ യുക്തിരഹിതവും പ്രകാശനം അർഹിക്കാത്തവയുമാണ്. അല്ലെങ്കിൽ പറയുന്ന പല കാര്യങ്ങളും എതിരഭിപ്രായത്തിന്റെ ശക്തിയിൽ ഒലിച്ചുപോകുന്നതാണ്. ഏതായാലും ഒരു പ്രസിദ്ധീകരണത്തിന് പ്രതിപക്ഷ ബഹുമാനം അത്യാവശ്യംതന്നെ!

**കെ. മുഹമ്മദ് തുംകൂർ**

# മറുപടികൾ 'പരസ്യ'മാകുമ്പോൾ

**ഹൂർലിൻ** പർദയുടെ പരസ്യത്തെ വിമർശിച്ചതിന് മറുപടിയായി മറ്റൊരു പരസ്യം (ജൂലൈ 28) വരികയുണ്ടായി.

വിപണന പരസ്യത്തിന്റെ സദാചാരവും ധാർമികതയുമാണ് വിഷയം. ഇപ്പോഴും സാരി, മിഡി, ജീൻസ് എന്നിവയുടെ പരസ്യം എല്ലാ ധാർമിക മൂല്യങ്ങളെയും കാറ്റിൽ പറത്തി തന്നെയാണ് അവതരിപ്പിക്കുന്നത്. ഈ അധാർമിക പരസ്യങ്ങളോടെയുള്ള വിപണനത്തിന്റെ ഏറ്റവും വലിയ ഉപഭോക്താക്കളാകുന്നതും മുസ്‌ലിം സമുദായത്തിലെ വലിയൊരു വിഭാഗം തന്നെ.

കുലീനതക്കും സ്ത്രീത്വത്തിനും പ്രാധാന്യം നൽകുന്ന പർദയുടെ വിപണനം ഉദ്ദേശിച്ച് പർദ ധരിച്ച സ്ത്രീയുടെ എന്തു പരസ്യം കൊടുത്താലും കുഴപ്പമില്ല എന്നാണോ പറയുന്നത്. സ്ത്രീകളുടെ മുഖവും മുൻകൈയും ഒഴിച്ചുള്ള ശരീരഭാഗങ്ങൾ നിർബന്ധമായും മറയ്ക്കണമെന്നാണ് ഖുർആനികാധ്യാപനം. ശരീരഭാഗങ്ങൾ പുറത്തേക്ക് കാണാത്ത വിധം കട്ടിയുള്ളതും ശരീരത്തിന്റെ ഒടിവും വടിവും മുഴപ്പിച്ചു കാണിക്കാത്ത വിധം അയഞ്ഞതുമായ വസ്ത്രമാണ് അഭികാമ്യം എന്നിരിക്കെ, ശരീര വടിവ് തെളിഞ്ഞു കാണുന്ന പർദാ പരസ്യത്തിനു എന്തു ന്യായീകരണമാണുള്ളത്?

1990 തുടക്കം മുതൽ പർദ വ്യാപകമായതിന്റെ സാമൂഹിക വശം 1980-'90 കാലഘട്ടം തൊട്ട് ഗൾഫ് മലയാളികൾ കുടുംബത്തെ ഗൾഫിലേക്ക് കൊണ്ടുപോവുകയും അവിടത്തെ വസ്ത്രധാരണ രീതി നമ്മുടെ സ്ത്രീകൾ വ്യാപകമായി അനുകരിക്കുകയും ചെയ്തതാണ്. അല്ലാതെ പർദാ കമ്പനികൾ ഇവരെ മൂല്യാധിഷ്ഠിത വസ്ത്രധാരണത്തിലേക്ക് തിരിച്ചുകൊണ്ടുവന്നതിന്റെ ഫലമല്ല. അനുകരണം ശീലമാക്കിയ നമ്മുടെ സഹോദരിമാർ പർദയിലേക്ക് തിരിഞ്ഞത് സൗകര്യപ്രദം എന്ന നിലക്കും ചെലവ് കുറഞ്ഞത് എന്ന നിലക്കുമാണ്.

അധാർമിക വിപണനത്തെ വ്യാപിപ്പിക്കാൻ ശ്രമിക്കുമ്പോൾ അതേ നാണയത്തിൽ തിരിച്ചടിക്കുന്നത് ഒരു തെറ്റിനെ മറ്റൊരു തെറ്റു കൊണ്ട് ന്യായീകരിക്കലാവും. തെറ്റിനെ ശരി കൊണ്ട് തിരുത്തുകയല്ലേ ഉത്തമമായിട്ടുള്ളത്.

നിക്കോളസ് സർകോസിയെ പോലുള്ള രാഷ്ട്ര നായകന്മാർ പർദ, ഹിജാബ് എന്നിവ കൊണ്ട് രാഷ്ട്രീയം കളിച്ചു വിജയം കൊയ്യുമ്പോൾ, വിപണന ലക്ഷ്യം വെച്ച് 'ഹൂർലിൻ' എന്ന പദത്തെ അന്വർഥമാക്കുംവിധം ഒരു വിവാദമാക്കണോ? *പ്രബോധന*ത്തിന്റെ നല്ല പേജുകൾ ഇതുപോലുള്ള 'പരസ്യ' പ്രചാരണങ്ങൾക്കായി ഉപയോഗിക്കരുതെന്ന് അപേക്ഷിക്കുന്നു.

**സി.എ നസീം കൊച്ചി**

## *പ്രബോധന*ത്തിന്റെ ഇന്നലെകൾ




**പ്രസിദ്ധീകരണം** ആരംഭിച്ചതുമുതലുള്ള *പ്രബോധന*ത്തിന്റെ ഉള്ളടക്കം ക്രോഡീകരിച്ച 'പ്രബോധനം എക്സ്പ്ലോറർ' അഭിനന്ദാർഹമായ കാൽവെപ്പാണ്. ആറുപതിറ്റാണ്ട് കാലത്തെ *പ്രബോധനം* കോപ്പികൾ ഈ കാലഘട്ടത്തിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ -വിശേഷിച്ച് കേരളക്കരയിലെ- ചരിത്രവും വളർച്ചയും തൊട്ടറിയാൻ ഉപകരിക്കുന്ന നാഡിമിടിപ്പുകളാണ്. അതുകൊണ്ടുതന്നെ അതിന്റെ ഉള്ളടക്കത്തിലൂടെ കണ്ണോടിക്കുന്നതു പോലും ആവേശകരമായ അനുഭവമായി മാറുന്നു.

*പ്രബോധന*ത്തിന്റെ ആദ്യകാല ലക്കങ്ങളിൽനിന്നുള്ള കാലിക പ്രസക്തവും പഠനാർഹവുമായ ലേഖനങ്ങളും പംക്തികളും *പ്രബോധനം* വാരികയിൽ പുനഃപ്രസിദ്ധീകരിക്കുന്നത് പുതിയ തലമുറക്ക് ഒരു വായനാനുഭവമായിരിക്കും. ഇതിനു വേണ്ടി *പ്രബോധന*ത്തിൽ ഒരു സ്ഥിരം പംക്തി തന്നെ ആരംഭിക്കാവുന്നതാണ്. അതുപോലെ തെരഞ്ഞെടുത്ത ലേഖനങ്ങളും കുറിപ്പുകളും ക്രോഡീകരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതും മലയാള ഇസ്‌ലാമിക സാഹിത്യരംഗത്ത് മുതൽകൂട്ടായിരിക്കും.

**വി.എം റഹീം മസ്കത്ത്**

## കരുത്തുള്ള അഭിമുഖങ്ങൾ




**ജമാഅത്തെ** ഇസ്‌ലാമി രൂപവത്കരണത്തിന്റെ അറുപതാം വാർഷികത്തോടനുബന്ധിച്ച് *ദഅ്‌വത്ത്* പുറത്തിറക്കിയ വിശേഷാൽ പതിപ്പിൽ നിന്നെടുത്ത രണ്ട് അഭിമുഖങ്ങളും (ലക്കം 8) പ്രസ്ഥാന പ്രവർത്തകർ നിർബന്ധമായും വായിച്ചിരിക്കേണ്ടതാണ്. നമ്മുടെ ഇന്നത്തെ പ്രവർത്തന ബാഹുല്യത്തിനിടയിൽ മനസ്സിരുത്തി വായിക്കുന്നതു പോയിട്ട് ഒന്ന് കണ്ണോടിക്കാൻ വരെ കഴിയാത്ത ആത്മാർഥതയുള്ള എത്രയോ പ്രവർത്തകരുണ്ട്.

'പുതിയൊരു ദിശ നാം കണ്ടേ മതിയാവൂ' എന്ന് തുടങ്ങി നജാത്തുല്ല സിദ്ദീഖി പറയുന്ന വാക്കുകൾ പ്രസ്ഥാനവും പ്രവർത്തകരും നെഞ്ചേറ്റേണ്ടതുതന്നെ. അൻസാരിയുടെ നിരീക്ഷണവും വിലപ്പെട്ടതാണ്. രണ്ട് അഭിമുഖത്തിന്റെയും തലക്കെട്ടോടെയുള്ള കവർ പേജും മനോഹരമായിട്ടുണ്ട്. പുനരാലോചനകളുടെ കാലം സൃഷ്ടിക്കാൻ പ്രസ്ഥാനവും പ്രവർത്തകരും ഒരുങ്ങേണ്ടതുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ!

**മമ്മൂട്ടി കവിയൂർ**